# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 815** — **03.12.2014- ൽ മറുപടി.**

## പുതിയ മെഡിക്കൽ കോളേജുകൾ

| ചോദ്യം<br>ശ്രീ. സി.പി.മുഹമ്മദ് | ഉത്തരം<br>ശ്രീ. വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|
| (എ) 2011 വരെ സംസ്ഥാനത്ത് സർക്കാർ ഉടമസ്ഥതയിൽ 5 മെഡിക്കൽ കോളേജുകൾ ഉണ്ടായിരുന്നതിൽ നിന്നും 3 വർഷത്തിനുള്ളിൽ എത്ര മെഡിക്കൽ കോളേജുകളായി വർദ്ധിച്ചിട്ടുണ്ട്; | (എ) കഴിഞ്ഞ മൂന്ന് വർഷത്തിനിടെ ആരോഗ്യ വകുപ്പിനുകീഴിൽ ഇടുക്കി, മഞ്ചേരി, എന്നിവിടങ്ങളിലും, പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ പാലക്കാട്ടും മെഡിക്കൽ കോളേജുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കൊച്ചി സഹകരണ മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്ത് നടത്തി വരുന്നു. |
| (ബി) സർക്കാർ ഉടമസ്ഥതയിൽ 2015-16 വർഷത്തിൽ ഏതെല്ലാം ജില്ലകളിലാണ് പുതിയതായി മെഡിക്കൽ കോളേജുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ; | (ബി) ആരോഗ്യ വകുപ്പിനു കീഴിൽ തിരുവനന്തപുരത്ത് രണ്ടാമതൊരു മെഡിക്കൽ കോളേജ്, വയനാട്, കാസർഗോഡ്, കോന്നി, ഹരിപ്പാട് എന്നിവിടങ്ങളിലും മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) കാസർഗോഡ് ജില്ലയിൽ മെഡിക്കൽ കോളേജ് സ്ഥാപിക്കാൻ പദ്ധതിയുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (സി) ഉണ്ട്; നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ